Malayala Manorama 3-7-18, P-2

കൃഷിയോളം

# ഇഞ്ചിക്ക് പച്ചവാട്ടം: നീർവാർച്ച ഉറപ്പാക്കണം

എം.എ. ജോൺസൺ



മഴക്കാലത്ത് ഇഞ്ചിയെ ബാധിക്കുന്ന പച്ചവാട്ടം രോഗം ഒഴിവാക്കാൻ കൃഷിയിടങ്ങളിൽ നീർവാർച്ച ഉറപ്പാക്കണം. രോഗബാധ കണ്ടാലുടൻ ചെടികൾ ചുവട്ടിലെ മണ്ണോടെ പിഴുതുമാറ്റണം. ഇതിനുശേഷം വാരങ്ങളിൽ കുമ്മായം വിതരണം. ഒരാഴ്ച കഴിഞ്ഞ് ഒരു കിലോഗ്രാം ന്യൂഡമോണാസ് 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോഗ്രാം മണലുമായി ചേർത്ത് വാരങ്ങളിൽ ഇട്ടുകൊടുക്കണം.

## പയറിൽ വാട്ടരോഗം

തുടർച്ചയായ മഴയും വെള്ളക്കെട്ടുംമൂലം പയറിൽ വാട്ടരോഗത്തിന് ഇടയുണ്ട്. രണ്ടു ഗ്രാം ബാവിസ്റ്റിൻ അല്ലെങ്കിൽ രണ്ടു മില്ലി ലീറ്റർ കോൺടാഫ് ഒരു ലീറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണു കുതിരത്തക്കവിധം 15 ദിവസം ഇട്ടവിട്ടു ഒഴിച്ചുകൊടുക്കണം. പൂർണമായും രോഗം ബാധിച്ച ചെടികൾ പറിച്ചുമാറ്റി നശിപ്പിക്കുകയും തടത്തിൽ ഒരു നുള്ള് ബ്ലീച്ചിങ് പൗഡർ ചേർക്കേണ്ടതുമാണ്.



## വാഴക്കുല പൊതിയണം

വാഴയുടെ കുലകൾ പൊതിഞ്ഞു കെട്ടേണ്ടതാണ്. പക്ഷികളുടെ ഉപദ്രവം ഒഴിവാക്കുന്നതിനും നല്ല തുടുമുള്ള ആകർഷകമായ കായ്കൾ കിട്ടുന്നതിനും ഇതു സഹായിക്കും.

## പരിശീലനം:

### തേനിച്ചവളർത്തൽ



കാർഷിക സർവകലാശാല മണ്ണുത്തി കമ്യൂണിക്കേഷൻ സെന്ററിൽ തേനീച്ചവളർത്തൽ സംബന്ധിച്ച് ഒൻപത്, പത്ത് തീയതികളിൽ പരിശീലനം നടത്തും. 1000 രൂപയാണ് റജിസ്ട്രേഷൻ ഫീസ്. ഫോൺ: 0484-2370773.

## വിത്ത് മഞ്ഞൾ

മഞ്ഞളിന്റെ മുന്തിയ ഇനങ്ങളായ സോന, ശോഭ, പ്രതിഭ എന്നിവയുടെ നടീൽവസ്തുക്കൾ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളജിൽ ലഭ്യമാണ്. ഫോൺ: 94957 39065.

### ഡെയറി ഫാം



ജൂലൈ 10 മുതൽ 13 വരെ തൃശൂർ രാമവർമപുരത്തുള്ള മിൽമ ട്രെയിനിങ് സെന്ററിൽ ഡെയറി ഫാം സംരംഭക പരിശീലനം നടത്തും. 20 പേർക്കാണ് അവസരം. താൽപര്യമുള്ളവർ പേര് റജിസ്റ്റർ ചെയ്യണം.

വിലാസം: പ്രിൻസിപ്പൽ, കെസിഎംഎംഎഫ് ലിമിറ്റഡ്, മിൽമ ട്രെയിനിങ് സെന്റർ, രാമവർമപുരം പിഒ, തൃശൂർ-680631. ഫോൺ: 0487 2695869.